## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം :444** **01.12.2015 ൽ മറുപടിയ്ക്ക്**

### വൈദ്യുതി സ്വന്തമായി ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ

**ചോദ്യം**

ശ്രീ.ചിറ്റയം ഗോപകുമാർ :

(എ) ഗാർഹികാവശ്യങ്ങളിലേക്കുള്ള വൈദ്യുതി സ്വന്തമായി ഉത്പാദിപ്പിക്കുന്നതിന് സഹായകമായ നിലവിലുള്ള സംസ്ഥാന/കേന്ദ്ര പദ്ധതികളുടെ വിശദാംശം അറിയിക്കുമോ ;

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

(എ)ഗാർഹികാവശ്യങ്ങൾക്കുള്ള വൈദ്യുതി സ്വന്തമായി ഉത്പാദിപ്പിക്കുന്നതിന് സഹായകമായി അനെർട്ടിന്റെ ആഭിമുഖ്യത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളാണ് 10,000 സൗരഗൃഹ പദ്ധതി, സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതി എന്നിവ.

സംസ്ഥാനത്തിന്റെ വൈദ്യുതി ഉത്പാദന സ്ഥാപിത ശേഷി 10 മെഗാവാട്ട് ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 10000 സൗരഗൃഹ പദ്ധതി അതിന്റെ അന്തിമ ഘട്ടത്തിലാണ് ഏകദേശം 8000 ത്തിലധികം പ്രതിഷ്ഠാപനങ്ങൾ കഴിഞ്ഞ പദ്ധതിയിൽ, അർഹരായ അപേക്ഷകർക്ക് പ്ലാന്റ് ഒന്നിന് കേന്ദ്ര ധനസഹായമായി 52,197/- രൂപയും സംസ്ഥാന ധനസഹായമായി 39,000/- രൂപയും നിലവിൽ ലഭ്യമാക്കുന്നുണ്ട്.

12 മെഗാവാട്ട് സ്ഥാപിതശേഷി ലക്ഷ്യമാക്കി അനെർട്ട് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സോളാർ കണക്ട് ശൃംഖലാബന്ധിത സൗരോർജ്ജ വൈദ്യുത പദ്ധതി. ഉത്പാദിപ്പിക്കുന്ന വൈദ്യുതി സ്വന്തം ആവശ്യം കഴിഞ്ഞ് കെ.എസ്.ഇ.ബി യിലേക്ക് ലഭ്യമാക്കുന്ന ഈ പദ്ധതിയിൽ 2 മുതൽ 50 കിലോവാട്ട് വരെയുള്ള പവർ പ്ലാന്റുകൾക്ക് അപേക്ഷിക്കാവുന്നതാണ്. അർഹരായ അപേക്ഷകർക്ക് പരമാവധി കേന്ദ്ര ധനസഹായമായി 24000/- രൂപ

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇത്തരം **പദ്ധതികൾക്കായി** എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും ആയതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും എത്ര മെഗാവാട്ട് വൈദ്യുതി ഇത്തരത്തിൽ ഉത്പാദിപ്പിച്ചിട്ടുണ്ടെന്നുമുള്ള വിവരങ്ങളുടെ വിശദാംശങ്ങൾ വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ?

പ്രതി കിലോവാട്ടും സംസ്ഥാന ധനസഹായമായി 10000/- രൂപ പ്രതി കിലോവാട്ടും ലഭ്യമാകും.

(ബി) സൗരോർജ്ജ ഓഫ് ഗ്രിഡ് പദ്ധതി

| **വർഷം** | **ബഡ്ജറ്റ് (രൂപ കോടിയിൽ)** | **ചെലവ് (രൂപ കോടിയിൽ)** | **സ്ഥാപിത ശേഷി** |
|---|---|---|---|
| 2012-13 | 24.96 | 5.8 | 1487 കിലോവാട്ട് |
| 2013-14 | 13.93 | 7.29 | 1871 കിലോവാട്ട് |
| 2014-15 | 3.95 | 6.25 | 1604 കിലോവാട്ട് |
| 2015-16 | – | 04.94 | 1268 കിലോവാട്ട് |

സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതിയിൽ 2013-14 കാലയളവിൽ 499 ലക്ഷം രൂപയും 2015-16 കാലയളവിൽ 15.47 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിൽ 15 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**